**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3801**
**24.06.2014 ലെ മറുപടിക്ക്**

**<u>ആസ്തി വികസന ഫണ്ട് പ്രകാരം പ്രവൃത്തി ചെയ്യാൻ അനുവാദം കിട്ടാൻ കാലതാമസം</u>**

| | ചോദ്യം<br>ശ്രീമതി. കെ.എസ്.സലീഖ<br>എം.എൽ.എ | ഉത്തരം<br>ശ്രീ.കെ.എം.മാണി(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയമസഭാ സാമാജികർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ആസ്തി വികസന ഫണ്ട് പ്രകാരം ഓരോ പ്രവൃത്തിയും നിശ്ചയിച്ച് എസ്റ്റിമേറ്റ് അതാത് വകുപ്പുകൾ ധനകാര്യ വകുപ്പിന് അനുവാദത്തിനായി ഫയൽ സമർപ്പിച്ചാൽ, പ്രസ്തുത പ്രവൃത്തി ചെയ്യാൻ ധനകാര്യ വകുപ്പിൽ നിന്നും അനുവാദം കിട്ടാൻ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28.12.2012 ലെ സർക്കുലർ 73/12/ധന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ധനാനുമതി നൽകുന്ന കാര്യത്തിൽ അമിതമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ക്കനുസൃതമായി ലഭിക്കുന്ന എല്ലാ പ്രൊപ്പോസലുകൾക്കും താമസംവിനാ അംഗീകാരം നൽകുന്ന കാര്യം ഉറപ്പ് വരുത്തിയിട്ടുണ്ട്. ഭരണാനുമതി നല്കുന്നതിൽ കാലതാമസമുണ്ടോ എന്നത് പരിശോധിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി ധനവകുപ്പും ഭരണ വകുപ്പും സ്വീകരിക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ ഓരോ വർഷവും എത്ര കോടി രൂപയുടെ ആസ്തി വികസന ഫണ്ട് അനുവദിച്ചു; ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുകയുടെ അനുമതിയാണ് നാളിതു വരെ നൽകിയത്; വിശദാംശം വ്യക്തമാക്കുമോ; | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ 2012-2013 സാമ്പത്തിക വർഷം 533 ലക്ഷം രൂപയുടെ 10 പ്രവൃത്തികൾക്കും 2013-2014 സാമ്പത്തിക വർഷം 357 ലക്ഷം രൂപയുടെ 8 പ്രവൃത്തികൾക്കും ധനാനുമതി നൽകിയിരുന്നു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ? | ആസ്തി വികസന പദ്ധതിയ്ക്കു കീഴിൽ ശുപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികൾ അവയുടെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത്. ആകയാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം തന്നെ തയ്യാറാക്കി ധനാനുമതിയ്ക്കായി സമർപ്പിക്കുന്നതാണ് ഉചിതം. ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 54/2014/ധന. തീയതി 03/06/2014 നമ്പർ സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**